നം. എം. 4/54653/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം., തീയതി : 01.11.2017.
ഫോൺ: 0471 - 258 0595; msndpi@gmail.com.

# സർക്കുലർ

വിഷയം : പൊ.വി.വ. - മാജിക് പ്ലാനറ്റ് സന്ദർശനം - സ്കൂൾ വിനോദയാത്രയിൽ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച് -

സൂചന : 20.09.2017 ലെ സ.ഉ. (സാധാ) നം: 3283/2017/പൊ.വി.വ.

****************************

നിലവിലെ നിരക്കിന്റെ 50% ഇളവിൽ സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകണം എന്ന വ്യവസ്ഥയിൽ കുട്ടികളുടെ വിനോദയാത്രയിൽ മാജിക് പ്ലാനറ്റ് സന്ദർശനം കൂടി ഉൾപ്പെടുത്താവുന്നതാണ് എന്ന് സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വിവരം എല്ലാ പ്രഥമാദ്ധ്യാപകരെയും അറിയിക്കേണ്ടതാണ്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും.
4. എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന).

പകർപ്പ് :

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ / പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) / പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ - സി.എ. മുഖേന.
2. കരുതൽ ഫയൽ.

**കേരള സർക്കാർ**

**സംഗ്രഹം**

**പൊതുവിദ്യാഭ്യാസ വകുപ്പ്- കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്കൂളുകളിൽ കുട്ടികളുടെ പഠന യാത്രകളിൽ മാജിക് പ്ലാനറ്റ് സന്ദർശനം കൂടി ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവാകുന്നു.**

===========================================================================

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

സ.ഉ (സാധാ) നം.3283/2017/പൊ.വി.വ. തീയതി, തിരുവനന്തപുരം, 20/09/2017

===========================================================================

പരാമർശം: 1. ശ്രീ. ഗോപിനാഥ് മുതുകാട്, ദ അക്കാദമി ഓഫ് മാജിക്കൽ സയൻസ് ന്റെ 21/06/2017 ലെ കത്ത്.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/08/2017 ലെ.നം. (4) 54653/17/ഡി.പി.ഐ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 പ്രകാരം ശ്രീ. ഗോപിനാഥ് മുതുകാട്, ദ അക്കാദമി ഓഫ് മാജിക്കൽ സയൻസിനു കീഴിലുള്ള മാജിക് പ്ലാനറ്റ് കേരളത്തിലെ സ്കൂളുകളിലെ കുട്ടികളെ സന്ദർശിപ്പിക്കുന്നതിനു വേണ്ട നടപടികൾ ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

പരാമർശം 2 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിനോദത്തോടൊപ്പം മികച്ച പഠനാനുഭവങ്ങൾ കൂടി പ്രദാനം ചെയ്യുന്ന സുരക്ഷിതവും ശുദ്ധവുമായ ഒരിടം എന്ന നിലയിൽ കുട്ടികളുടെ പഠന-വിനോദ യാത്രകളിൽ മാജിക് പ്ലാനറ്റ് കൂടി ഉൾപ്പെടുത്താവുന്നതാണെന്നു റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ സ്കൂളുകളിലെ കുട്ടികളുടെ പഠന-വിനോദ യാത്രകളിൽ, നിലവിലുള്ള നിരക്കിന്റെ 50% നിരക്കിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകണം എന്ന വ്യവസ്ഥയിൽ, മാജിക് പ്ലാനറ്റ് സന്ദർശനം കൂടി ഉൾപ്പെടുത്താൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ. ഗോപാലകൃഷ്ണ ഭട്ട്

സ്പെഷ്യൽ സെക്രട്ടറി

ശ്രീ. ഗോപിനാഥ് മുതുകാട്, ദ അക്കാദമി ഓഫ് മാജിക്കൽ സയൻസ്, പൂജപ്പുര, തിരുവനന്തപുരം- 695 012.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ